# “എന്റെ സംഘം”

## കുടിശ്ശിക നിവാരണ പദ്ധതി

## "ആശ്വാസ് 2012"

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
നം: സി.പി(4)24941/2012 തീയതി : 23-6-2012.

*E.Mail: keralarcs@coop.kerala.gov.in*
*Website: www.cooperation.kerala.gov.in*

## സർക്കുലർ നം: 24/2012

വിഷയം:- സഹകരണ വകുപ്പ് - സർക്കാരിന്റെ ഒന്നാം വാർഷികം - സഹകരണസംഘം/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - **ആശ്വാസ് 2012** - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 29-5-2012-ലെ 6595/പിഎസ്.1/2012/സഹ നമ്പർ സർക്കാർ കത്ത്.

******

സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതോടൊപ്പം സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി ആശ്വാസ് 2012 എന്ന പേരിൽ ഒരു ***ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2012 ജൂലൈ 1 മുതൽ 2012 ആഗസ്റ്റ് 31 (62 ദിവസത്തേയ്ക്ക്)*** വരെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

***2012 ജൂൺ 30-ന് പൂർണ്ണമായോ ഭാഗികമായോ കുടിശ്ശിക ആയ വായ്പകൾക്കും, പദ്ധതി കാലയളവിൽ കുടിശ്ശികയാകുന്ന വായ്പകൾക്കുമാണ് ഈ പദ്ധതി ബാധകമാകുന്നത്***. ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായ വായ്പകൾക്ക് ഇളവുകൾ നൽകുന്നതിനായി വായ്പത്തുകയുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന ഇളവുകൾ നൽകാവുന്നതാണ്.

***കുടിശ്ശിക ഇല്ലാത്ത സഹകരണ വായ്പാ സംഘങ്ങൾ എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം***

**എ. 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ**

**1.** ***10*** ലക്ഷം രൂപ വരെയുള്ള വായ്പകൾ കുടിശ്ശികയായിട്ടുണ്ടെങ്കിൽ വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശനിരക്കോ ഏതാണ് കുറവ് ആയതു പ്രകാരമുള്ള പലിശ തുകയും, മുതലും ഈടാക്കി, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി, എന്നാൽ ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി, വായ്പാ കണക്ക് അവസാനിപ്പിയ്ക്കാവുന്നതാണ്.

**2.** ഇപ്രകാരം വായ്പകൾക്ക് ഖണ്ഡിക 1-ൽ പരാമർശിച്ച പ്രകാരം പലിശ കണക്കാക്കുമ്പോൾ, പലിശ മുതലിനേക്കാൾ അധികരിക്കാൻ പാടുള്ളതല്ല.

**3.** എന്നാൽ ഖണ്ഡിക 1-ൽ പരാമർശിച്ച പ്രകാരമുള്ള വായ്പകൾക്ക് ഇതുവരെ മുതലിൽ അടച്ച തുകയ്ക്ക് സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രകാരമുള്ള നിരക്കിലധികരിച്ചാണ് പലിശ ഈടാക്കിയിട്ടുള്ളതെങ്കിൽ, ടി വായ്പാ തുകയ്ക്ക് സഹകരണസംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലറുകൾ പ്രകാരമുള്ള നിരക്കിൽ പലിശ കണക്കാക്കി, അധിക തുക, മുതലിലേയ്ക്ക് വരവ് വയ്ക്കേണ്ടതും, ബാക്കിനിൽക്കുന്ന മുതൽ തുക കണക്കാക്കി, മുതലിന് നിലവിലുള്ള നിരക്കിൽ പലിശ ഈടാക്കി, കണക്ക് അവസാനിപ്പിക്കേണ്ടതുമാണ്.

**ബി. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക്**

**4.** 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക്, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശനിരക്കോ ഇപ്പോഴുള്ള പലിശനിരക്കോ ഏതാണ് കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും, ടി പലിശ തുകയുടെ 5%-ൽ അധികരിക്കാതെ എസ്റ്റാബ്ലിഷ്മെൻറ് ചിലവും മുതലിനൊപ്പം ഈടാക്കി, പിഴപ്പലിശയും, മറ്റ് ചിലവുകളും ഒഴിവാക്കി ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് എന്നിവ ഈടാക്കിയും വായ്പാ കണക്ക് അവസാനിപ്പിയ്ക്കാവുന്നതാണ്.

**5.** പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ ധനസഹായ ബാങ്കിൽ നിന്നും കടം വാങ്ങിയ ഫണ്ടുപയോഗിച്ച് അംഗങ്ങൾക്ക്/വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ കുടിശ്ശികയായവ സർക്കുലർ മാർഗ്ഗനിർദ്ദേശ പ്രകാരം വായ്പക്കണക്ക് അവസാനിപ്പിയ്ക്കുമ്പോൾ പ്രാഥമിക സഹകരണ

സംഘങ്ങൾ/ബാങ്കുകൾക്ക് ഉണ്ടാകുന്ന നഷ്ടം/ബാദ്ധ്യത ഒഴിവാക്കുന്നതിന്, ഇത്തരം കേസുകളിൽ പ്രാഥമിക സഹകരണസംഘം/ബാങ്ക് പ്രൊപ്പോസൽ തയ്യാറാക്കി ധനസഹായ ബാങ്കിന് സമർപ്പിക്കേണ്ടതും, ബാദ്ധ്യത ധനസഹായ ബാങ്കും, പ്രാഥമിക സഹകരണ സംഘവും തുല്യമായി വഹിക്കേണ്ടതുമാണ്. ഈ പ്രൊപ്പോസൽ ക്യാമ്പയിൻെറ ജില്ലാതല കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

6. മരണപ്പെട്ട വായ്പക്കാരുടെ തുകകൾ, മാരകരോഗം ബാധിച്ചവർ/മാരകരോഗം ബാധിച്ചവർ ഉള്ള കുടുംബാംഗങ്ങൾ, വിധവകൾ, മാനസിക രോഗികൾകുടുംബാംഗങ്ങളായിട്ടുള്ളവരും, അവരുടെ ചികിത്സ വായ്പക്കാരൻെറ സംരക്ഷണയിലും ആയിരിക്കുകയും ചെയ്യുന്നവർ തുടങ്ങി പരിഗണന അർഹിക്കുന്ന വായ്പക്കാരുടെ പട്ടിക പ്രത്യേകം തയ്യാറാക്കി മേൽ ഖണ്ഡികകൾ പ്രകാരമുള്ള ഇളവുകൾ പരമാവധി അനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിയ്ക്കാവുന്നതാണ്.

ഈ വായ്പകളിൽ സർക്കുലർ നിർദ്ദേശത്തിലുപരി ഏതെങ്കിലും ഇളവുകൾ കൂടി കൂടുതലായി നൽകണമെന്ന് ഏതെങ്കിലും സഹകരണസംഘം തീരുമാനം കൈക്കൊള്ളുന്നപക്ഷം ആയത് ചുവടെ പരാമർശിക്കുന്ന സ്റ്റിയറിംഗ് കമ്മറ്റി മുമ്പാകെ, ജോയിൻറ് രജിസ്ട്രാർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2. | സഹകരണ വകുപ്പ് സെക്രട്ടറി | - | അംഗം |
| 3. | സഹകരണസംഘം രജിസ്ട്രാർ | - | അംഗം/കൺവീനർ |

ഇപ്രകാരം പരിഗണനയ്ക്ക് സമർപ്പിയ്ക്കുമ്പോൾ മരിച്ചുപോയ അംഗത്തിൻെറ വായ്പയാണെങ്കിൽ സഹകരണ റിസ്ക്ക് ഫണ്ടിൽ നിന്ന് തുക ലഭിച്ചിട്ടുണ്ടെങ്കിൽ ടി വിവരം, വായ്പക്കാരൻെറ സാമ്പത്തിക സ്ഥിതി, വായ്പക്കാരനോ, കുടുംബാംഗങ്ങൾക്കോ മാരകരോഗം/മാനസികരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ, ചികിത്സാ രേഖകളുടെ പകർപ്പ് എന്നിവ സഹിതം ഭരണസമിതി തീരുമാനം/ജില്ലാ സഹകരണസംഘം ജോയിൻറ് രജിസ്ട്രാറുടെ ശുപാർശയോടുകൂടി സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

7. ***ഖണ്ഡിക 5 പ്രകാരം ലഭിയ്ക്കുന്ന അപേക്ഷകൾ, അസിസ്റ്റൻറ് രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ 3 ദിവസത്തിനകം സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.***

8. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വികലാംഗർ, മാരകരോഗം/മാനസികരോഗം ബാധിച്ചവർ/ കുടുംബാംഗങ്ങൾ

എന്നിവർ എടുത്തിട്ടുള്ള കുടിശ്ശികയായ വായ്പകൾക്ക് പലിശനിരക്കിൽ ഈളവു നൽകുന്ന തുക സംഘങ്ങൾക്ക് സർക്കാർ റീഇംബേഴ്സ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. പ്രസ്തുതു വിഭാഗം വായ്പകൾക്ക് വായ്പ അനുവദിക്കുമ്പോഴുണ്ടായിരുന്ന പലിശനിരക്കിനേക്കാൾ കുറവാണ് ഇപ്പോഴത്തെ പലിശനിരക്കെങ്കിൽ, കുറഞ്ഞ നിരക്കിൽ വായ്പക്കണക്കവസാനിപ്പിയ്ക്കാനുള്ള അവസരം വായ്പക്കാർക്ക് നൽകേണ്ടതാണ്. വായ്പ അനുവദിക്കുമ്പോഴുണ്ടായിരുന്ന പലിശനിരക്കിൻ പ്രകാരം സംഘത്തിന് എത്ര തുകയാണോ പലിശയിനത്തിൽ ലഭിക്കേണ്ടതായിട്ടുണ്ടായിരുന്നത്, ആയതിൽ വായ്പക്കാരിൽ നിന്നും ഈടാക്കിയത് കഴിച്ചുള്ള പലിശ തുക സർക്കാർ റീഇംബേഴ്സ് ചെയ്തു നൽകുന്നതിനാണ് നടപടികൾ സ്വീകരിയ്ക്കുന്നത്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്നതിന് ബി. പി.എൽ റേഷൻ കാർഡിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ബി.പി.എൽ കാർഡ് ലഭ്യമായിട്ടില്ലാത്ത, അർഹമായവരായ വായ്പക്കാർ ടിയാളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കി(അസ്സൽ) സമർപ്പിയ്ക്കേണ്ടതാണ്. അർഹരായവർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്നത് അസിസ്റ്റൻറ് രജിസ്ട്രാർമാർ/ജോയിൻറ് രജിസ്ട്രാർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**9.** പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും, ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും, ഈ കാലയളവിൽ സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കുടിശ്ശിക നിവാരണം പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇതിനായി കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും, കേരള സഹകരണ ഹൗസിംഗ് ഫെഡറേഷനും, അതാതു മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും, നിയമാനുസൃതവുമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച്, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, കേസ് ചിലവുകൾ എന്നിവ ഒഴിവാക്കി, പരമാവധി പലിശ കുറച്ച് വായ്പാ കണക്ക് അവസാനിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കാവുന്നതാണ്.

**10.** ***സംസ്ഥാനത്തിലെ ഓരോ സംഘം ഭാരവാഹികളും, ജീവനക്കാരും പരമാവധി കുടിശ്ശികക്കാരെ നേരിൽക്കണ്ട് കുടിശ്ശിക തുക തിരികെ അടയ്ക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്.***

**11.** കുടിശ്ശികയായിരുന്ന വായ്പകൾ അടച്ചുതീർക്കുന്ന വായ്പക്കാർക്ക് ആവശ്യമാണെങ്കിൽ, നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പുതിയ, വായ്പ അനുവദിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**12.** എല്ലാ കുടിശ്ശികക്കാർക്കും, ഈ കാലയളവിൽ അടച്ചുതീർത്താൽ ലഭിക്കുന്ന ഇളവുകൾ, കൃത്യമായി കണക്കാക്കി, ആയത് വ്യക്തമാക്കി, തപാൽ മുഖേനയോ നേരിട്ടോ അറിയിപ്പ് നൽകേണ്ടതാണ്.

**13.** ഈ ക്യാമ്പയിൻ നടപ്പിലാക്കുന്നതിന് ഓരോ സംഘവും, ഓരോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ, ഈ പദ്ധതിയുടെ ***നോഡൽ ആഫീസറായി*** ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ, കുടിശ്ശികക്കാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. അതോടൊപ്പം സംഘം/ബാങ്ക് ആഫീസിലും, ശാഖകളിലും, പഞ്ചായത്ത്/വില്ലേജ് ആഫിസ്, വായനശാലകൾ, മാർക്കറ്റുകൾ, ബസ് സ്റ്റാൻറുകൾ, ടാക്സി/ആട്ടോറിക്ഷാ സ്റ്റാൻറുകൾ, പ്രദേശത്തെ മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവയിലും ഇപ്രകാരം അറിയിപ്പുകൾ പരസ്യപ്പെടുത്തേണ്ടതാണ്.

**14.** പ്രാദേശികമായി, സംഘം പ്രവർത്തന പരിധിയിൽ, ആകർഷകമായ പോസ്റ്ററുകൾ, ബാനറുകൾ, പരസ്യങ്ങൾ എന്നിവ പ്രദർശിപ്പിയ്ക്കാവുന്നതും നോട്ടീസുകൾ വിതരണം ചെയ്യേണ്ടതുമാണ്. അതോടൊപ്പം ഉച്ചഭാഷിണി, പ്രാദേശിക ടി.വി. ചാനലുകൾ, റേഡിയോ മാദ്ധ്യമങ്ങൾ, സിനിമാ സ്ലൈഡുകൾ എന്നിവ മുഖേന ലഘുപരസ്യങ്ങൾ നൽകാവുന്നതും, മറ്റ് പുതുമയുള്ളതും ആകർഷകവുമായ ചെലവ് കുറഞ്ഞതുമായ കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ച് വായ്പ കുടിശ്ശിക അടച്ചുതീർക്കേണ്ടതിനെ സംബന്ധിച്ച് ബോധവാൻമാരാക്കാവുന്നതാണ്.

**15.** ഓരോ സംഘവും ഓരോ പ്രദേശത്തിലും കുടിശ്ശികക്കാരുടെ അദാലത്തുകൾ/ യോഗങ്ങൾ ആവശ്യമാണെങ്കിൽ സംഘടിപ്പിക്കാവുന്നതാണ്. ഈ അദാലത്തുകളിൽ വായ്പാ കുടിശ്ശികക്കാരുടെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**16.** *ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ തുടരുന്ന കേസുകളിൽ പ്രത്യേക അദാലത്തുകൾ* സംഘടിപ്പിച്ച് ദ്രുതഗതിയിൽ കേസുകൾ തീർപ്പാക്കാൻ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ)ടെ കീഴിൽ താലൂക്ക് തലത്തിലും ജോയിൻറ് രജിസ്ട്രാർ (ജനറൽ)ടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും നടപടി കൈക്കൊള്ളേണ്ടതാണ്. അദാലത്തുകൾ സംഘടിപ്പിക്കുന്ന തീയതികൾ സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ അറിയിക്കേണ്ടതാണ്. ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന

അദാലത്തിൽ അറിയിക്കുന്ന മുറയ്ക്ക് ഈ ആഫീസിൽ നിന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതാണ്.

**17.** പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സഹകരണസംഘം തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും താഴെ പറയും പ്രകാരം കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. കൂടാതെ നിയമസഭാ അംഗങ്ങൾ, ത്രിതല പഞ്ചായത്തിനെ പ്രതിനിധീകരിയ്ക്കുന്ന അംഗങ്ങൾ എന്നിവരെ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ അറിയിക്കേണ്ടതാണ്. ഇതിനായി ***ജൂൺ 26-ാം*** തീയതിയ്ക്കു മുമ്പ് സഹകരണ സംഘം ജനറൽ ജോയിൻറ് രജിസ്ട്രാർമാർ, ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ ഉൾപ്പെടെയുള്ള അതാത് ജില്ലയിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രസിഡൻറ്/സെക്രട്ടറി ഉൾപ്പെടുന്നവരുടെ യോഗം വിളിച്ചുകൂട്ടി കുടിശ്ശിക നിലവാരം അവലോകനം ചെയ്യേണ്ടതും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

**18.** ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്യുന്നതിൻെറ ഭാഗമായി പ്രൊഫോർമകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലനിൽക്കുന്ന കുടിശ്ശിക വായ്പാ കണക്കുകൾ 1-ാം നമ്പർ പ്രൊഫോർമയിൽ സഹകരണസംഘം/ബാങ്ക് തലത്തിൽ ശേഖരിയ്ക്കേണ്ടതും ആയത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം താലൂക്ക് തലത്തിലുള്ള സംഘങ്ങളുടെ വിവരങ്ങൾ, 1-ാം നമ്പർ പ്രൊഫോർമയിൽ ക്രോഡീകരിച്ച്, ബന്ധപ്പെട്ട അസിസ്റ്റൻറ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി ഒരു പകർപ്പ് സഹകരണസംഘം രജിസ്ട്രാർക്കും, ഒരു പകർപ്പ് ജില്ലാ ജോയിൻറ് രജിസ്ട്രാർക്കും **10-7-2012**-നകം സമർപ്പിക്കേണ്ടതും, ടി കണക്കുകൾ ജോയിൻറ് രജിസ്ട്രാർമാർ ജില്ലാതലത്തിൽ ക്രോഡീകരണം നടത്തി **15-7-2012**-നകം ഈ ആഫീസിൽ സമർപ്പിയ്ക്കേണ്ടതാണ്. 3-ാം നമ്പർ പ്രൊഫോർമയിൽ ജോയിൻറ് രജിസ്ട്രാർ വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ താലൂക്ക് തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാന ത്തിൽ ജില്ലാ തല ക്രോഡീകരണം നടത്തേണ്ടതും ആയത് **19-7-2012**-നകം സഹകരണസംഘം രജിസ്ട്രാർക്ക്, സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)ടെ പേരിൽ സമർപ്പിക്കേണ്ടതുമാണ്. ***2012 ജൂലൈ 15, 31, ആഗസ്റ്റ് 15, ആഗസ്റ്റ് 31*** എന്നീ തീയതികളിൽ കൈവരിച്ച പുരോഗതിയുടെ കണക്കുകൾ പ്രൊഫോർമ 2-ൽ യഥാക്രമം ***ജൂലൈ 20, ആഗസ്റ്റ് 7, ആഗസ്റ്റ് 20, സെപ്തംബർ 10 തീയതികളിലും 31-8-2012-ലെ***

***അന്തിമ കണക്ക് <u>15-9-2012</u>-ൽത്തന്നെ*** അസിസ്റ്റൻറ് രജിസ്ട്രാർമാർ, ജില്ലാ ജനറൽ ജോയിൻറ് രജിസ്ട്രാർമാർക്ക് 1-ഉം, 2-ഉം, 3-ഉം പ്രൊഫോർമകളിൽ നൽകേണ്ടതുമാണ്. ടി പ്രൊഫോർമകളുടെ പകർപ്പുകൾ അസിസ്റ്റൻറ് രജിസ്ട്രാർമാർ സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)ക്ക് അയക്കേണ്ടതും, ജോയിൻറ് രജിസ്ട്രാർമാർ, ജില്ലാ തലത്തിൽ ക്രോഡീകരിച്ച കണക്കുകൾ ***<u>5-9-2012</u>***-നകം പ്രൊഫോർമ 1,2,3-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അസിസ്റ്റൻറ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ, നിശ്ചിത പ്രൊഫോർമകളിൽ ജോയിൻറ് രജിസ്ട്രാർമാർക്ക് നേരിട്ട് സമർപ്പിയ്ക്കേണ്ടതാണ്.

**19.** ചില അസിസ്റ്റൻറ് രജിസ്ട്രാർമാർ യഥാസമയം റിപ്പോർട്ടുകൾ സഹകരണസംഘം രജിസ്ട്രാർക്കും ജോയിൻറ് രജിസ്ട്രാർക്കും സമർപ്പിയ്ക്കുന്നതിലും സംഘങ്ങളുടെ പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലും ***<u>ഉദാസീനത പുലർത്തുന്നതായി മുൻകാലങ്ങളിലെ പദ്ധതി കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് ഓർമ്മപ്പെടുത്തുന്നു.</u>***

**20.** ***ഓരോ സഹകരണ സംഘവും ടി പദ്ധതി കാലയളവിൽ നൽകുന്ന ഇളവുകൾ, പ്രൊഫോർമ 4-ലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റും ഇത് സഹായകരമാകുമെന്ന തിനാൽ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്/സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ എന്നിവയുടെ ഹെഡ് ആഫീസിലും, ശാഖകളിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിന്, അതാതു ബാങ്കുകൾ നിർദ്ദേശം നൽകേണ്ടതുമാണ്.***

**21.** സംസ്ഥാന തലത്തിൽ പ്രവർത്തിയ്ക്കുന്ന അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ ടി ബാങ്കുകൾ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

**22.** ഓരോ സംഘത്തിൻെറയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിയ്ക്കും, ഈ പദ്ധതിയുടെ സംഘം തല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം യൂണിറ്റ് ഇൻസ്പെക്ടർക്കൊപ്പം അസിസ്റ്റൻറ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ കൂടി ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. പദ്ധതി അവസാനിച്ചു കഴിഞ്ഞതിനു ശേഷം, ഓരോ സംഘത്തിൻെറയും പ്രവർത്തനം സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ നിന്ന്

നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർക്കും, അസിസ്റ്റൻറ് രജിസ്ട്രാർക്കും എതിരെ കർശന നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

**23.** പ്രസ്തുത പദ്ധതി മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതാണ്.

## കമ്മറ്റികൾ

***സംഘം തലത്തിൽ***

| | | | |
|---|---|---|---|
| 1. | അതാത് സംഘം/ബാങ്ക് പ്രസിഡൻറ് | - | ചെയർമാൻ |
| 2. | എല്ലാ ഭരണസമിതി അംഗങ്ങളും | - | അംഗങ്ങൾ |
| 3. | പഞ്ചായത്ത് പ്രസിഡൻറ്/വാർഡ് മെമ്പർമാർ | - | അംഗം |
| 4. | അസിസ്റ്റൻറ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ | - | അംഗം |
| 5. | യൂണിറ്റ് ഇൻസ്പെക്ടർ | - | അംഗം |
| 6. | സംഘം ആഡിറ്റർ | - | അംഗം |
| 7. | എ ആൻറ് ഇ ഇൻസ്പെക്ടർ | - | അംഗം |
| 8. | ജീവനക്കാരുടെ ഒരു പ്രതിനിധി | - | അംഗം |
| 9. | ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറി | - | കൺവീനർ |

**താലൂക്ക് തലം**

| | | | |
|---|---|---|---|
| 1. | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | - | ചെയർമാൻ |
| 2. | പ്രസിഡൻറ്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | - | അംഗം |
| 3. | ജോയിൻറ് രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന 5 സർവ്വീസ് സഹകരണ ബാങ്ക്/എംപ്ലോയീസ്/മറ്റ് വായ്പാ സംഘം പ്രസിഡൻറുമാർ | - | അംഗങ്ങൾ |
| 4. | പ്രാഥമിക ഹൗസിംഗ് സഹകരണസംഘം പ്രസിഡൻറുമാർ | - | അംഗങ്ങൾ |
| 5. | ജില്ലാ സഹകരണ ബാങ്കിൻെറ ടി താലൂക്കിനെ പ്രതിനിധീകരിയ്ക്കുന്ന ഭരണസമിതി അംഗം | - | അംഗം |
| 6. | വാല്യുവേഷൻ ആഫിസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | - | അംഗം |
| 7. | എക്സിക്യൂട്ടീസ് ആഫിസർ, ജില്ലാ സഹകരണ ബാങ്ക് | - | അംഗം |
| 8. | ശാഖാ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | - | അംഗം |
| 9. | ജീവനക്കാരുടെ 3 പ്രതിനിധികൾ | - | അംഗങ്ങൾ |
| 10. | അസിസ്റ്റൻറ് രജിസ്ട്രാർ ജനറൽ) | - | കൺവീനർ |
| 11. | അസിസ്റ്റൻറ് ഡയറക്ടർ(ആഡിറ്റ്) | - | ജോയിൻറ് കൺവീനർ |

## <u>ജില്ലാ തലം</u>

| | | | |
|---|---|---|---|
| 1. | ജില്ലാ ആസ്ഥാനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ MLA | - | ചെയർമാൻ |
| 2. | ജില്ലയിലെ മറ്റ് MLA-മാർ | - | കോ-ചെയർമാൻമാർ |
| 3. | ചെയർമാൻമാർ, സർക്കിൾ സഹകരണ യൂണിയൻ | - | അംഗങ്ങൾ |
| 4. | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡൻറ്/സെക്രട്ടറി | - | അംഗം |
| 5. | എല്ലാ അർബൻ ബാങ്ക് പ്രസിഡൻറുമാരും | - | അംഗങ്ങൾ |
| 6. | സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ ഹൗസിംഗ് ഫെഡറേഷൻ ഭരണസമിതിയിൽ ജില്ലയെ പ്രതിനിധീകരിയ്ക്കുന്ന അംഗങ്ങൾ | - | അംഗങ്ങൾ |
| 7. | ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | - | അംഗം |
| 8. | സഹകരണസംഘം ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) | - | അംഗം |
| 9. | ജീവനക്കാരുടെ 3 പ്രതിനിധികൾ(അതാത് ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ)മാർ ആതാത് ജില്ലാ തല പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്.) | - | അംഗങ്ങൾ |
| 10. | ജോയിൻറ് രജിസ്ട്രാർ(ജനറൽ) | - | കൺവീനർ |
| 11. | ജോയിൻറ് ഡയറക്ടർ(ആഡിറ്റ്) | - | ജോയിൻറ് കൺവീനർ |

**24.** ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്/പദ്ധതി സംബന്ധിച്ച് പ്രായോഗിക പ്രശ്നങ്ങൾ/ജില്ലയിലെ സഹകരണ മേഖലയിൽ സ്വീകരിച്ച/സ്വീകരിച്ചുവരുന്ന കാര്യങ്ങൾ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)ക്ക് ഫാക്സ്/ഇ.മെയിൽ മുഖേന, പദ്ധതി കാലയളവിലെ എല്ലാ വെള്ളിയാഴ്ചയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**25.** ***ജില്ലാതല പ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല (നോഡൽ ആഫിസർ) സഹകരണസംഘം ജോയിൻറ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ <u>ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)ക്ക്</u> ആയിരിയ്ക്കും.***

**26.** സംസ്ഥാന തലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്) സംസ്ഥാന തല നോഡൽ ആഫീസറും, ഡെപ്യൂട്ടി രജിസ്ട്രാർമാർ-I&II(ഇൻസ്പെക്ഷൻ സെൽ) ഡെപ്യൂട്ടി നോഡൽ ആഫീസർമാരും, ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്), ഡെപ്യൂട്ടി രജിസ്ട്രാർ(ICDP) അസിസ്റ്റൻറ് രജിസ്ട്രാർ(സി.പി), രജിസ്ട്രാർ ആഫീസിലെ സി.പി(4) സെക്ഷൻ എന്നിവരുമടങ്ങുന്ന ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. (ഡെപ്യൂട്ടി രജിസ്ട്രാർ ഇൻസ്പെക്ഷൻ സെൽ-I തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളുടെയും, ഡെപ്യൂട്ടി രജിസ്ട്രാർ

ഇൻസ്പെക്ഷൻ സെൽ-II തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.)

**27.** പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ ചുവടെ പരാമർശിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | | |
|---|---|---|---|
| 1 | ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്) | **0471-2330726(Ext.215)** | **9496197990** |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ(ICDP) | **0471-2330726(Ext.215)** | |
| 3 | അസിസ്റ്റൻറ് രജിസ്ട്രാർ(ക്രെഡിറ്റ് 1 - CB) | **0471-2330726(Ext.229)** | **9446945900** |
| 4 | അസിസ്റ്റൻറ് രജിസ്ട്രാർ(ക്രെഡിറ്റ് 2 - CP) | **0471-2330726(Ext.230)** | **8547289916** |
| 5 | അസിസ്റ്റൻറ് രജിസ്ട്രാർ(ക്രെഡിറ്റ് 3 - CLT) | **0471-2330726(Ext.228)** | **9446046915** |
| 6 | **പദ്ധതി സെൽ**<br>ഡെപ്യൂട്ടി രജിസ്ട്രാർ(IC-I)<br>ഡെപ്യൂട്ടി രജിസ്ട്രാർ(IC-I) | **0471-2330726(Ext.215)**<br>**0471-2330726(Ext.215)** | |
| 7 | ഫാക്സ് നമ്പർ | **0471-2331136**<br>**0471-2330513** | |

ഒപ്പ്/-
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ സഹകരണ സംഘം ജോയിൻറ് ഡയറക്ടർമാർക്കും
3. പ്രസിഡൻറ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
5. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
6. പ്രസിഡൻറ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
8. പ്രസിഡൻറ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ
9. ജോയിൻറ് ഡയറക്ടർ/കൺകറൻറ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
10. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ, ......................................
11. പ്രസിഡൻറ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം
12. പ്രസിഡൻറ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം
13. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
14. എല്ലാ അസിസ്റ്റൻറ് ഡയറക്ടർമാർക്കും.

15. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർ(ജനറൽ) മുഖേന)
16. ഈ ആഫിസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
17. രജിസ്ട്രാറുടെ മേശപ്പുറത്ത്
18. സഹകരണവീഥി/സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
19. സ്റ്റോക്ക് ഫയൽ
20. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റൻറ് രജിസ്ട്രാർ(സി.പി)

**അനുബന്ധം - എ**

...............................സഹകരണസംഘം/ബാങ്ക് ക്ലിപ്തം നം..........

# "എന്റെ സംഘം"

## <u>കുടിശ്ശിക നിവാരണം പദ്ധതി - 'ആശ്വാസ് - 2012'</u>

**(1-7-2012 - 31-8-2012)**

1. **വായ്പക്കാരന്റെ പേര്** :
2. **വായ്പ നമ്പർ** :
3. **വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ അടച്ച തുക**

    മുതൽ :
    പലിശ :
    പിഴപ്പലിശ :
    മറ്റിനം :

4. **കുടിശ്ശിക**

    മുതൽ :
    പലിശ (. . . . . . . . . . % നിരക്കിൽ) :
    പിഴപ്പലിശ :
    മറ്റിനം :
    **ആകെ**

5. **'ആശ്വാസ്-2011' പദ്ധതി പ്രകാരം അടക്കേണ്ടതുക**

    മുതൽ :
    പലിശ :
    ARC ഫീസ് :
    എക്സിക്യൂഷൻ ഫീസ് :

    **ആകെ**

6. **ഇളവനുവദിച്ചത്**

    മുതൽ :
    പലിശ :
    പിഴപ്പലിശ :
    നോട്ടീസ് ചാർജ്ജ് :
    കേസ് ചിലവ് :
    മറ്റിനം :
    **ആകെ** :

7. **അടച്ച തുക** :

സെക്രട്ടറി

സ്ഥലം :
തീയതി :